**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 33** **05-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ കരട് താരിഫ് നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിനുള്ള റഗുലേറ്ററി കമ്മീഷന്റെ കരട് താരിഫ് നയത്തിൽ സ്വകാര്യ മേഖലയ്ക്ക് കൂടുതൽ ലാഭവിഹിതം അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2022-23 മുതൽ 5 വർഷത്തേയ്ക്ക് വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിന് മുന്നോടിയായിട്ടുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് വേണ്ടിയുള്ള വൈദ്യുതി താരിഫ് റഗുലേഷന്റെ കരട് വിജ്ഞാപനം 2021 ആഗസ്റ്റ് മാസം 6-ാം തീയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത കരട് റഗുലേഷനിലെ 28-ാം വകുപ്പ് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് അവരുടെ സ്വന്തം നിക്ഷേപത്തിന് (Equity) ആനുപാതികമായി 14% ആദായം (Return on Equity-RoE) ആണ് നൽകുന്നത്. കമ്മീഷൻ 2018-ൽ പുറപ്പെടുവിച്ച വൈദ്യുതി താരിഫ് റഗുലേഷനിലും സ്വന്തം നിക്ഷേപത്തിന് ആനുപാതികമായി 14% ആദായം (RoE) തന്നെ ആണ് അനുവദിച്ചിരുന്നത്. എന്നാൽ കെ.എസ്.ഇ.ബി ലിമിറ്റഡിനെ കൂടാതെ കേരളത്തിൽ മറ്റു 9 വിതരണ ലൈസൻസികൾ കൂടി നിലവിലുണ്ട്. ടെക്നോപാർക്ക് പോലെയുള്ള ചില വിതരണ ലൈസൻസികൾക്ക് നിയമപരമായ ഇക്വിറ്റി നിലവില്ലാത്തതിനാൽ അവരുടെ തേയ്മാനം ഒഴിച്ചുള്ള ആസ്തിയുടെ 3% (RoNFA- Return on Net Fixed Assets) ആദായം മാത്രമാണ് ഇതുവരെ നിലവിൽ അനുവദിച്ചിരുന്നത്. പ്രസ്തുത തുക പലപ്പോഴും അവരുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പര്യാപ്തമാകാറില്ല. പ്രസ്തുത വിതരണ ലൈസൻസികളുടെ ആരോഗ്യപരമായ നിലനിൽപ്പിന് ആദായം (RoNFA- Return on Net Fixed Assets) കൂട്ടി നൽകേണ്ടത് അനിവാര്യമാണെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടതിനാൽ കരട് റഗുലേഷനിൽ 7% ആയി ആദായം (RoNFA- Return on Net Fixed |

| | | | |
|---|---|---|---|
| | | | Assets) ഉയർത്തുവാൻ നിർദ്ദേശമുണ്ട്. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിയമം 2003-ന്റെ സെക്ഷൻ 82 പ്രകാരം സംസ്ഥാന സർക്കാരിനാൽ സ്ഥാപിതമായ ഒരു കമ്മീഷനാണ്. സംസ്ഥാന സർക്കാരിന്റെ പൊതുജന താല്പര്യം ഉൾക്കൊള്ളുന്ന നയപരമായ വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ നയങ്ങൾ കണക്കിലെടുത്താണ് തീരുമാനമെടുക്കുന്നത്. മാത്രമല്ല കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കേരളത്തിലെ ഉപഭോക്താക്കളുടെയും നിലവിലുള്ള വൈദ്യുതി വിതരണ ലൈസൻസികളുടെയും താല്പര്യം കണക്കിലെടുത്ത് മാത്രമേ തീരുമാനം കൈക്കൊള്ളാറുള്ളൂ. ഇപ്പോൾ പ്രസിദ്ധീകരിച്ച കരട് റഗുലേഷനിൽ സ്വകാര്യ ലൈസൻസികളെ ആകർഷിക്കത്തക്ക യാതൊരു വകുപ്പുകളും ഇല്ല. |
| (ബി) | പ്രസ്തുത നയത്തിൽ കെ.എസ്.ഇ.ബി.യ്ക്കും വിവിധ വിതരണ ഏജൻസികൾക്കും വ്യത്യസ്ത വൈദ്യുതി നിരക്കുകൾ ഈടാക്കാനുള്ള നിർദ്ദേശമുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പ്രസ്തുത കരട് വിജ്ഞാപനത്തിന്റെ 85-ാം വകുപ്പിലാണ് നിർദ്ദേശം വെച്ചിട്ടുള്ളത്. കേരള സംസ്ഥാനത്തിൽ നിലവിലുള്ള 10 വിതരണ ലൈസൻസികൾ വ്യവസായ വികസനത്തെ ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിച്ച് സ്ഥാപിച്ചിട്ടുള്ളവയാണ്. ഇങ്ങനെ നിലവിലുള്ള ഈ വ്യവസായ പാർക്കുകളിൽ വ്യവസായ വികസനത്തിനും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രസ്തുത ലൈസൻസികളുടെ പ്രവർത്തനക്ഷമത പരിഗണിച്ച് വ്യത്യസ്ത നിരക്കുകൾ ആകാമെന്ന് കരട് റഗുലേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കരട് രൂപത്തിൽ മാത്രമായതിനാൽ പ്രസ്തുത കാര്യങ്ങളിൽ വൈദ്യുതി നിയമത്തിലെ 87-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന ഉപദേശക സമിതി (എസ്.എ.സി)-യുടെയും പൊതുതെളിവെടുപ്പിന്റെയും മറ്റ് നിർദ്ദേശങ്ങളുടെയും ഉപദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ അന്തിമതീരുമാനം കൈക്കൊള്ളുകയുള്ളൂ. |
| (സി) | പ്രസ്തുത നയം സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതും സർക്കാർ നയങ്ങൾക്ക് വിരുദ്ധവുമാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പ്രസ്തുത നയത്തിൽ സ്വകാര്യവൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്ന തരത്തിൽ യാതൊരു ഉദ്ദേശമോ നിർദ്ദേശമോ ഇല്ല. പ്രസ്തുത നയം കൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വ്യവസായ പാർക്കുകളിൽ അവരുടെ നിയന്ത്രണത്തിലുള്ള ലൈസൻസികൾക്ക് അടിസ്ഥാന സൗകര്യ ചെലവ് കുറവായതിനാൽ അതിലൂടെ ഉണ്ടാകുന്ന ആദായം പ്രസ്തുത |

| | | | |
|---|---|---|---|
| | | | പാർക്കുകളിൽ വരുന്ന സ്ഥാപനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വൈദ്യുതി നൽകുക എന്നതാണ്. ഇത് കേരള സംസ്ഥാനത്ത് കൂടുതൽ വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്നതിന് കാരണമാകാവുന്നതാണ്. കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ സർക്കാർ നയങ്ങൾ കൂടി പരിഗണിച്ചാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ നയങ്ങളും പൊതു ജനതാൽപര്യവും കണക്കിലെടുത്ത് മാത്രമേ ഏതൊരു നയവും കൈക്കൊള്ളാറുള്ളൂ. അതിനാൽ സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്ക് വിരുദ്ധമായി സ്വകാര്യവൽക്കരണം പ്രോൽസാഹിപ്പിക്കുന്ന തരത്തിൽ യാതൊരു നിർദ്ദേശവും ഈ കരട് റഗുലേഷനിൽ ഇല്ല. |

സെക്ഷൻ ഓഫീസർ